# ജറുസലെം ദൈവരാജ്യം

JERUSALEM RETREAT CENTRE THALORE

2022 ഡിസംബർ 1 വാല്യം 10 ലക്കം 3




ആശംസകൾ.... ആശംസകൾ.... ആശംസകൾ.... ആശംസകൾ.... ആശംസകൾ....

## കൃപയുടെ വസന്തം വിടരട്ടെ

പട്ടത്തച്ചൻ



''നിങ്ങളുടെ ഉത്കണ്ഠകളെല്ലാം ദൈവത്തിന് സമർപ്പിക്കുവിൻ. നിങ്ങളുടെ കാര്യത്തിൽ ഞാൻ ശ്രദ്ധാലുവാണ്'' (1 പത്രോ. 5: 6). പലതരത്തിലുള്ള ആകുലതകളും, ബന്ധനങ്ങളും ഉത്കണ്ഠകളും നിറഞ്ഞ ജീവിതത്തെ സ്വർഗ്ഗോന്മുഖമാക്കുന്ന രക്ഷയുടെ നാളുകളാണ് ജറുസലെം ബൈബിൾ കൺവെൻഷൻ ദിനങ്ങൾ. ''നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ. എന്നിലും വിശ്വസിക്കുവിൻ'' (യോഹ. 14: 1). നമ്മുടെ അസ്വസ്ഥതകളുടെ നടുവിൽ ദൈവത്തിന്റെ കരമുണ്ട്. ദൈവം നമ്മുടെ ചില വഴികൾ അടയ്ക്കുന്നത് മറ്റൊരു വഴിയെ കൊണ്ടുപോകാനാണ്. ദൈവം നമ്മെ തകർക്കുന്നത് നമ്മെ എളിമയിലേയ്ക്കും, നവീകരണത്തിലേയ്ക്കും നയിക്കാനാണ്. ജറുസലെം കൺവെൻഷൻ ദിനങ്ങൾ വലിയ നവീകരണത്തിന്റെയും പ്രാർത്ഥനയുടെയും ദിനങ്ങളാകട്ടെ എന്ന് ആശംസിക്കുന്നു.

## ദൈവരാജ്യത്തിൽ നമുക്ക് പ്രവേശിക്കാം.



**ഫാ. ലൂഷ്യസ് നെരേപറമ്പിൽ സി. എം. ഐ.**

ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പ്രഘോഷിച്ചുകൊണ്ടാണ് സ്നാപക യോഹന്നാനും യേശുവും പ്രസംഗജീവിതം ആരംഭിച്ചത് (മത്താ 3:1; 4:17). യേശു തന്റെ ശിഷ്യരെ ലോകത്തിലേക്ക് അയക്കുന്നതും ദൈവരാജ്യം സമാഗതമായിരിക്കുന്നു എന്ന് പ്രസംഗിക്കാനാണ്: ''പോകുമ്പോൾ, സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പ്രസംഗിക്കുവിൻ'' (മത്താ 10:7). ദൈവത്തിന്റെ ഭരണം എവിടെ സംസ്ഥാപിതമായിരിക്കുന്നുവോ അവിടെ ദൈവരാജ്യമുണ്ട്. ഇതിന് ദൈവത്തിന്റെ പദ്ധതിയോട് മനുഷ്യൻ സഹകരിക്കേണ്ടിയിരിക്കുന്നു. യേശുവിലാണ് ദൈവരാജ്യം പൂർണമായി വെളിപ്പെട്ടത്. ആയതിനാൽ യേശു തന്നെയാണ് ദൈവരാജ്യം എന്ന് പറയാം. ആരൊക്കെ യേശുവിനോട് യോജിച്ചിരിക്കുന്നുവോ അവരൊക്കെ ദൈവരാജ്യം തങ്ങളിൽതന്നെ അനുഭവിക്കും. യേശുവിന്റെ പഠനങ്ങളെല്ലാം സ്വീകരിച്ച് അവിടുത്തോട് ഒന്നുചേർന്ന് അങ്ങനെ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ ദൈവം നമ്മെ ഓരോരുത്തരേയും അനുഗ്രഹിക്കട്ടെ.

## അനുതപിച്ച് പ്രാർത്ഥിക്കേണ്ട സമയം

**ഫാ. സിജോ തയ്യാലയ്ക്കൽ സി. എം. ഐ.**



അപ്പസ്തോലപ്രവർത്തനങ്ങൾ 2-ാം അധ്യായം 37 മുതൽ 39 വരെയുള്ള തിരുവചനങ്ങൾ നമുക്ക് ഓർക്കാം. ''ഇതു കേട്ടപ്പോൾ അവർ ഹൃദയം നുറുങ്ങി പത്രോസിനോടും മറ്റ് അപ്പസ്തോലന്മാരോടും ചോദിച്ചു. സഹോദരന്മാരേ, ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്ക് ലഭിക്കും. ഈ വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ സന്താനങ്ങൾക്കും വിദൂരസ്ഥർക്കും നമ്മുടെ ദൈവമായ കർത്താവ് തന്റെ അടുക്കലേക്കു വിളിക്കുന്ന എല്ലാവർക്കും ഉള്ളതാണ്''. പാപബോധം നഷ്ടപ്പെട്ട അനേകം മക്കളെ നമുക്ക് ചുറ്റും നമുക്കിന്ന് കാണാം. പാപത്തെ ന്യായീകരിക്കുന്നവർ, തെറ്റിനെ ശരിയാക്കുന്നവർ, കൂദാശകളെ ലാഘവത്തോടെ കണ്ട് കളിയാക്കുന്നവർ, മറ്റ് വിശ്വാസങ്ങളെ തേടിപ്പോകുന്നവർ. ദൈവഭയം മനസ്സിൽനിന്ന് നഷ്ടപ്പെടുമ്പോഴാണ് തെറ്റുകളെ ശരിയായി കാണാൻ ഇവർക്കാകുന്നത്. കൂദാശകളിൽ ശക്തിയാർജ്ജിച്ച് പരിശുദ്ധാത്മാഭിഷേകത്താൽ നിറഞ്ഞ് ഈശോയുടെ കൂടെ നടക്കുമ്പോഴാണ് ദൈവാനുഭവം സ്വന്തമാക്കാൻ നമുക്ക് സാധിക്കുക. കൃപയുടെ ആ നല്ല നാളുകളിലേയ്ക്ക്, ജറുസലെം കൺവെൻഷൻ ദിനങ്ങളിലേയ്ക്ക് നിങ്ങളേവരെയും സ്വാഗതം ചെയ്യുന്നു.

## പ്രത്യാശയോടെ പ്രാർത്ഥിക്കുവിൻ



**ഫാ. ദേവസ്യ കാനാട്ട് സി. എം. ഐ.**

ഈ കാലഘട്ടത്തിൽ ജനങ്ങളെ ഗ്രസിച്ചിരിക്കുന്ന ഒരു മനോഭാവമാണ് നിരാശയും നിസ്സംഗതയും. രണ്ടും ഒരുപോലെ ആപത്താണ്. കടബാധ്യതകളും കുടുംബപ്രശ്നങ്ങളും, രോഗങ്ങളും, ജോലിയില്ലാത്ത സാഹചര്യവും മൂലം ഞാൻ കണ്ടുമുട്ടുന്ന അനേകം മക്കളിൽ പ്രകടമായി കാണുന്ന ഒരു വികാരമാണിത്. ദിവ്യകാരുണ്യമായി ഈശോനാഥൻ എന്നും നമ്മോടൊപ്പമുള്ളപ്പോൾ നാം ഭഗ്നാശരാകുന്നതെന്തിന്? ഈ ലോകമോ സുഖസൗകര്യങ്ങളോ ഒന്നുമല്ല ഈശോനാഥനാണ് ശാശ്വതമായ സമാധാനവും പ്രത്യാശയും നമ്മിൽ നിറയ്ക്കുന്നത്. ഈശോയുടെ ആത്മാവിനാൽ നാം നിറയുമ്പോഴാണ് നിരാശ മാറി നമ്മിൽ പ്രത്യാശ നിറയുന്നത്. പ്രത്യാശ നിറഞ്ഞ, പ്രാർത്ഥനാനിർഭരമായ കൺവെൻഷൻ ദിനങ്ങളിലേയ്ക്ക് നിങ്ങളെയെല്ലാവരേയും ഞാൻ സ്വാഗതം ചെയ്യുന്നു.

## ആത്മീയായുധങ്ങൾ ധരിക്കുവിൻ

**ഫാ. ജോ പാച്ചേരിയിൽ സി. എം. ഐ.**



എഫേസോസ് 6-ാം അധ്യായം 11, 12 തിരുവചനങ്ങൾ ഇപ്രകാരമാണ്. ''സാത്താന്റെ കുടില തന്ത്രങ്ങളെ എതിർത്തുനിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപന്മാർക്കും, സ്വർഗ്ഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിൻമയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്''. പ്രിയ മക്കളെ, ആത്മീയായുധങ്ങൾ ധരിച്ചുകൊണ്ട് തിന്മകൾക്കെതിരെ പടവെട്ടേണ്ട സമയമാണിത്. വിശ്വാസത്തിൽ, വിശുദ്ധ കുർബ്ബാനയിൽ, ജപമാലയിൽ നാം ശക്തിപ്പെട്ടാലേ തിന്മയുടെ ദുരാത്മാവിനെ നമ്മിൽനിന്നും, നമ്മുടെ ഭവനങ്ങളിൽനിന്നും തുരത്താൻ സാധിക്കൂ.നന്മയേക്കാൾ കൂടുതൽ തിന്മ പ്രചരിക്കുന്ന ഈ കാലഘട്ടത്തിൽ പരിശുദ്ധാത്മാവിൽ നാം നിറഞ്ഞാലേ അന്ധകാരലോകത്തിന്റെ ജഢികപാപങ്ങളിൽ നമ്മുടെ ഭവനങ്ങളും മക്കളും വീഴാതിരിക്കൂ. തിന്മയുടെ ശക്തികൾക്കെതിരെയുള്ള ഈ ആത്മീയ പോരാട്ടത്തിൽ പങ്കാളികളാകാൻ എല്ലാ ദൈവജനത്തേയും ഞാൻ ക്ഷണിക്കുകയാണ്. ജറുസലെം കൺവെൻഷൻ ദിനങ്ങൾ അനുഗ്രഹദായകമാകട്ടെ. ജറുസലെം വചനകൂടാരത്തിന്റെ മുഖപത്രമായ ദൈവരാജ്യത്തിന് എല്ലാ ആശംസകളും നേരുന്നു.






# യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

## യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ്.

(ഹെബ്രായർ 13: 8)



## അത്ഭുത സമ്മാനം



**ജസ്സി ജയ്ക്കബ്ബ്** (ക്രിസ്റ്റീന)ചാലയ്ക്കൽ ഹൗസ്, കണ്ടശ്ശാങ്കടവ് പി. ഒ., പടിഞ്ഞാറേ കാരമുക്ക്

''കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല'' (വിലാ. 3:22). എന്റെ മകൾ ഗർഭിണിയായിരിക്കുന്ന സമയം അഞ്ചര മാസം പ്രെഗ്നന്റ് ആയപ്പോൾ ഗർഭപാത്രത്തിലെ ഫ്ളൂയിഡ് മുഴുവൻ ലീക്കായി. മകളെ ആശുപത്രിയിൽ അഡ്മിറ്റാക്കി. ഈ കുഞ്ഞിന് ഒരിക്കലും ഗർഭപാത്രത്തിൽ കഴിയുവാൻ സാധിയ്ക്കുകയില്ലെന്ന് ഡോക്ടർ പറഞ്ഞു. ദ്രാവകമില്ലാതെ ഗർഭപാത്രത്തിൽ കുഞ്ഞ് കിടന്നാൽ കുഞ്ഞിന്റെ എല്ല് വളയും. മാത്രമല്ല ശ്വാസനാളം ചുരുങ്ങുകയും ചെയ്യും. അമ്മയ്ക്ക് യൂട്രസ് ഇൻഫക്ഷൻ വരുമെന്നും പറഞ്ഞു. അതുകൊണ്ട് ഈ കുഞ്ഞിനെ ഓപ്പറേഷൻ ചെയ്ത് അബോർഷനാക്കണം. അതുപോലെ ഗർഭപാത്രത്തിലുള്ള പ്ലാസന്റ അടിയിൽ ആയതുകൊണ്ട് ഒരിക്കലും നോർമൽ പ്രസവം ഉണ്ടാവുകയില്ലെന്നും ഡോക്ടർ അറിയിച്ചു. മകൾ ആശുപത്രിയിൽ അഞ്ചര മാസത്തിൽ അഡ്മിറ്റ് ആയി. 6 മാസവും 9 ദിവസവും ആയപ്പോൾ ഡെലിവറി നടന്നു. ബഹു. പട്ടത്തച്ചൻ ആശുപത്രിയിൽ വന്നു പ്രാർത്ഥിച്ചു. മകൾക്ക് നോർമൽ പ്രസവം ആയിരുന്നു. കുഞ്ഞിന് 950 ഗ്രാം മാത്രമാണ് തൂക്കം ഉണ്ടായിരുന്നത്. ഈ കുഞ്ഞിനുവേണ്ടി ജറുസലെം ധ്യാനകേന്ദ്രത്തിലെ വൈദികരും മദ്ധ്യസ്ഥ ഗ്രൂപ്പുകാരും പ്രാർത്ഥിച്ചു. ആശുപത്രിയിൽ കിടന്നപ്പോൾ മുതൽ ദൈവത്തിന്റെ ജീവനുള്ള വചനം അപ്പ 1: 8, 20, പുറ 14:14, എന്നീ വചനങ്ങൾ എപ്പോഴും ഉരുവിട്ടു നടന്നു. ദൈവത്തിന്റെ അത്ഭുതകരം കുഞ്ഞിൽ പ്രവർത്തിച്ചു. കുഞ്ഞ് സൗഖ്യം പ്രാപിച്ചു.

## പ്രാർത്ഥനാനിയോഗങ്ങൾ

**Whatsapp ചെയ്യേണ്ടനമ്പർ 9656 133 533**

**ദിവ്യകാരുണ്യ സൗഖ്യാരാധനയിൽ പേരുകൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതായിരിക്കും**

**6.30 pm - 8.30 pm - Jerusalem Retreat Centre Youtubeൽ**

# അത്ഭുതങ്ങളുടെ ലോകം ഇനിയും അവസാനിച്ചിട്ടില്ല

നിനക്ക് ഒരു തിൻമയും ഭവിക്കുകയില്ല, ഒരനർഥവും നിൻെറ കൂടാരത്തെ സമീപിക്കുകയില്ല. (സങ്കീ 9:10)



## അനുഗ്രഹങ്ങൾ ജലധാര പോലെ



അൽഫോൻസ ഔസേഫ്, പൈനാടത്ത് ഹൗസ്, നെട്ടിശ്ശേരി

എന്റെ മകന് വിവാഹം കഴിഞ്ഞ് 6 വർഷമായിട്ട് കുഞ്ഞുങ്ങൾ ഉണ്ടായിരുന്നില്ല. 2 വർഷം കഴിഞ്ഞപ്പോൾ ഒരു കുഞ്ഞിനെ ലഭിച്ചെങ്കിലും അബോർഷനായി. ഞങ്ങൾ പ്രാർത്ഥനയോടെ മാതൃസന്നിധിയിൽ വന്നണഞ്ഞു. പിറന്നാൾ സമ്മാനത്തിനായി പ്രാർത്ഥിച്ചു. മാതാവിന്റെ ബർത്ത് ഡേ ഗിഫ്റ്റായി 6 വർഷത്തിനുശേഷം ഒരു ആൺകുഞ്ഞിനെ തന്ന് അനുഗ്രഹിച്ചു. പത്തര ലക്ഷം കടബാധ്യത ഉണ്ടായിരുന്ന ഞങ്ങൾക്ക് പ്രാർത്ഥനയുടെ ഫലമായി പരിശുദ്ധ അമ്മയുടെ ഗിഫ്റ്റായി കടം വീട്ടാനുള്ള വഴി ഒരുക്കിത്തന്നു. എന്റെ ഭർത്താവ് ഒരു മകന്റെ കുറിക്ക് ജാമ്യത്തിനായി ഒപ്പിട്ടുകൊടുത്തു. അത് അടക്കാൻ അവന് പറ്റാതെ വന്നപ്പോൾ ഞങ്ങളുടെ വീട് ജപ്തിയായി. ഞങ്ങൾ ഈശോയോട് പ്രാർത്ഥിച്ചു. ദൈവാനുഗ്രഹത്താൽ കടം വീട്ടാനുള്ള വഴികൾ ആ മകന് ഒരുക്കിക്കൊടുത്തു. ഞങ്ങളുടെ ജപ്തി ഒഴിവായി കിട്ടി.

## അനുഗ്രഹീതമായ ഉദരഫലം



**ആരോൺ ക്രിസ്, അലോൺ ക്രിസ്,**
C/O ആന്റോ - ജെസ്സി, അമ്പാട്ട് ഹൗസ്, പുത്തൻചിറ

വിവാഹം കഴിഞ്ഞ് 7 വർഷമായിട്ടും കുഞ്ഞുങ്ങളുണ്ടായിരുന്നില്ല. ഒത്തിരി ട്രീറ്റ്മെന്റ് ചെയ്തു. 2 പ്രാവശ്യം അബോർഷനായി. 2 വർഷത്തോളം ഇവിടെ വന്ന് മക്കളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥനയിൽ പങ്കെടുത്തു. അതിന്റെ ഫലമായി ഞങ്ങൾക്ക് രണ്ട് കുഞ്ഞുങ്ങളെ നൽകി ഈശോ അനുഗ്രഹിച്ചു. ദൈവമേ നന്ദി.

## കാരുണ്യവാനായ ദൈവം



**ധന്യ ട്രിൻസൻ (ആദം ക്രിസ്സ്),** തുലാപറമ്പിൽ ഹൗസ്, കുറ്റിച്ചിറ, പി. ഒ. കോർമല, വെള്ളിക്കുളങ്ങര

2015ൽ ആയിരുന്നു ഞങ്ങളുടെ വിവാഹം. 5 വർഷങ്ങളായി മക്കൾക്ക് വേണ്ടി ആഗ്രഹിച്ച് പ്രാർത്ഥിക്കുകയായിരുന്നു. ട്രീറ്റ്മെന്റിൽ ഞങ്ങൾക്ക് കുഴപ്പങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. നിയോഗത്തോടെ ജറുസലെമിലെ പ്രാർത്ഥനാശുശ്രൂഷകളിൽ ഞങ്ങൾ പങ്കെടുത്തു. വിശുദ്ധ ബലിയും ആരാധനയും ഞങ്ങൾക്ക് ശക്തി പകർന്നു. കൗൺസിലിംഗിൽ മക്കളെ നൽകി ദൈവം അനുഗ്രഹിക്കുന്നതായി സന്ദേശം ലഭിച്ചു. മക്കളെ ലഭിച്ചാൽ ജറുസലെമിൽ വന്ന് സാക്ഷ്യം നൽകാമെന്ന് നിയോഗം വച്ച് പ്രാർത്ഥിച്ചു. ജറുസലെനാഥൻ 2020-ൽ ആദ്യത്തെ കുഞ്ഞിനെയും, 2022-ൽ രണ്ടാമത്തെ കുഞ്ഞിനെയും നൽകി അനുഗ്രഹിച്ചു. ഞങ്ങൾക്ക് മക്കളെ നൽകി അനുഗ്രഹിച്ച ജറുസലെംനാഥനും പരി. അമ്മയ്ക്കും നന്ദിയും സ്തുതിയും അർപ്പിക്കുന്നു.

## ദൈവത്തിനസാധ്യമായി യാതൊന്നുമില്ല

**ബിന്റു ടാജൻ,** ഞളിയത്ത് ഹൗസ്, മൂക്കന്നൂർ

ഞങ്ങളുടെ വിവാഹം കഴിഞ്ഞ് 8 വർഷം കഴിഞ്ഞിട്ടും കുഞ്ഞുങ്ങൾ ഉണ്ടായിരുന്നില്ല. ജറുസലെം ധ്യാനകേന്ദ്രത്തിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ഞങ്ങൾക്ക് ഒരു മകനെ നൽകി അനുഗ്രഹിച്ചു. ഞങ്ങൾ അവന് ജോഹൻ എന്ന് പേർ നൽകി. ഞങ്ങൾ മക്കളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥനയിൽ പങ്കെടുക്കുമായിരുന്നു. 2019ൽ ഹന്നാ റിട്രീറ്റിൽ പങ്കെടുത്തു. 3 മാസങ്ങൾക്ക് ശേഷം ഞാൻ ഗർഭിണിയാണെന്ന് അറിഞ്ഞു. 2020 ജൂലൈ 10ന് ഞാൻ ഒരു ആൺകുഞ്ഞിന് ജന്മം നൽകി. ദൈവത്തിനസാധ്യമായി യാതൊന്നും ഇല്ലെന്ന് ദൈവതിരുസന്നിധിയിൽ ഞങ്ങൾ ഏറ്റ് പറയുന്നു. ദൈവപിതാവിന് നന്ദിയേകുന്നു.

## ഈശോ സ്പർശിച്ചപ്പോൾ



**മോബി സിജോഷ് (ഏയ്ഞ്ചൽ ഗ്രെയ്സ്)**, തട്ട്ള ഹൗസ്, പറപ്പൂക്കര

എനിക്ക് മൂത്ത മകൻ ജനിച്ച് 9 വർഷത്തിന് ശേഷം ആൺകുഞ്ഞിനെ നൽകി ഈശോ അനുഗ്രഹിച്ചു. കുഞ്ഞിന് ഹാർട്ടിന് വലിയ ഒരു ഹോൾ (8 mm) ഉണ്ടായിരുന്നു. കൂടാതെ അണുബാധയും ഉണ്ടായി. കുഞ്ഞ് NICUവിൽ 8 ദിവസം കിടന്നു. ഞങ്ങൾ രോഗസൗഖ്യത്തിനായി തീവ്രമായി പ്രാർത്ഥിച്ചു. ഒരിക്കലും അടയില്ല എന്ന് പറഞ്ഞ ഹാർട്ടിന്റെ ഹോൾ 2 mm ആയി കുറഞ്ഞു. സർജറി വേണ്ട എന്ന് ഡോക്ടർമാർ പറഞ്ഞു. ഇത്രയും വലിയ അനുഗ്രഹം നൽകിയതിന് ഒരായിരം നന്ദി. ഈശോ നമ്മോട് പറഞ്ഞില്ലേ ''നിന്റെ ജീവിതം കർത്താവിന് ഭരമേല്പിക്കുക. കർത്താവിൽ വിശ്വാസമർപ്പിക്കുക. അവിടുന്ന് നോക്കിക്കൊള്ളും'' (സങ്കീ. 37:5). നമ്മുടെ പ്രതിസന്ധികളിൽ നാം ഈശോയോട് പ്രാർത്ഥിച്ചാൽ മതി അവിടുന്ന് നമ്മുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്.

## അപേക്ഷയ്ക്ക് ഉത്തരമരുളിയ ദൈവം

**ഗിൽക്രിസ്റ്റ് ടിൻസൺ,** റോസിലി ഔസേഫ്, പൊന്നാരി ഹൗസ്, കല്ലൂർ



പ്രാർത്ഥിക്കുമ്പോൾ ഉത്തരമരുളുന്നവനാണ് നമ്മുടെ കർത്താവ്. നിലവിളിച്ച് പ്രാർത്ഥിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് മറുപടി നൽകും. എന്റെ ചെറുമകൻ ഗിൽക്രിസ്റ്റ് ടിൻസണ് 2020 ഫെബ്രുവരി 29-ന് പ്രസവത്തെ തുടർന്ന് ടി. ജി. എ. എന്ന ഹൃദയരോഗം സ്ഥിരീകരിക്കുകയും ജൂബിലി മിഷൻ ഹോസ്പിറ്റലിൽനിന്ന് അടിയന്തിരമായി ശസ്ത്രക്രിയക്കായി അമൃത ഹോസ്പിറ്റലിലേക്ക് നിർദ്ദേശിക്കുകയും ചെയ്തു. അന്നേദിവസം ഒരു മൈനർ സർജറി നടത്തിയെങ്കിലും വീണ്ടും ഒരു മെയിൻ സർജറി ഉടനെ നടത്തണം എന്ന് അവിടത്തെ ഡോക്ടേഴ്സ് നിർദ്ദേശിച്ചു. 70 ശതമാനം മാത്രം വിജയസാധ്യത ഉള്ളതും സാമ്പത്തികമായി ഉയർന്ന ചെലവ് വരുന്നതും ആയ ആ സർജറി നടത്താൻ ഞങ്ങൾ പ്രയാസപ്പെട്ടു. ജറുസലെംനാഥന്റെ അനുഗ്രഹവും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥതയും മൂലം ആശുപത്രി ആവശ്യങ്ങൾക്കുള്ള പണം കണ്ടെത്തുന്നതിനും ഉടനെതന്നെ സർജറി നടത്തുന്നതിനും സാധിച്ചു. പൂർണ്ണ ആരോഗ്യത്തോടെ ചെറുമകനെ തിരികെ നൽകിയതിന് ജറുസലെംനാഥനോട് നന്ദി പറയുന്നു.

## നിലവിളി കേട്ട ദൈവം

**ആനന്ദ്,** ചിറമ്മൽ ഹൗസ്, അരണാട്ടുകര

എനിക്ക് കിഡ്നിസംബന്ധമായ അസുഖമുണ്ടായിരുന്നു. 8 മാസം മുൻപ് അതിനോടനുബന്ധിച്ച് 2021 ഡിസംബറിൽ അസ്വസ്ഥത കൂടുകയും കാലിൽ നീര് കാണുകയും ചെയ്തു. തുടർന്ന് ഡോക്ടറെ കണ്ട് സ്കാൻ ചെയ്തപ്പോൾ കിഡ്നിയിൽ കാൻസർ ആണെന്ന് അറിയാൻ സാധിച്ചു. എത്രയും പെട്ടെന്ന് ഓപ്പറേഷൻ ചെയ്യണമെന്ന് ഡോക്ടർ ആവശ്യപ്പെട്ടു. 2022 ജനുവരി 15ന് ഓപ്പറേഷൻ ഫിക്സ് ചെയ്തു. ജനുവരി 13ന് ഞാനും എന്റെ കുടുംബവും ജറുസലെമിൽ വന്ന് പട്ടത്തച്ചനെ കാണുകയും അസുഖം സൗഖ്യമാകുന്നതിനായി പ്രാർത്ഥനാസഹായം ആവശ്യപ്പെടുകയും ചെയ്തു. അച്ചൻ ''യേശുവേ, അങ്ങയുടെ തിരുരക്തം കൊണ്ട് എന്നെ കഴുകി വിശുദ്ധീകരിച്ച് പൂർണമായ് സുഖപ്പെടുത്തണമേ'' എന്ന പ്രാർത്ഥന പറഞ്ഞുതന്നു. ഈ പ്രാർത്ഥന ചൊല്ലി എല്ലാവരും എനിയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. ഓപ്പറേഷൻ നടന്നു. സൗഖ്യം ലഭിച്ചതിനുശേഷം ഈശോയുടെ സാക്ഷിയാകാനും എന്നോട് പറഞ്ഞിരുന്നു. 6 മാസത്തിനുശേഷം സ്കാൻ ചെയ്തപ്പോൾ പൂർണ്ണമായി എനിക്ക് സൗഖ്യം കിട്ടിയതായി റിപ്പോർട്ട് ലഭിച്ചു. കാൻസർ വന്ന ഭാഗം മുറിച്ചുമാറ്റിയിരുന്നു. ഇപ്പോൾ എനിക്ക് പൂർണ്ണമായി സൗഖ്യം ലഭിച്ചു. യേശുവേ നന്ദി. യേശുവേ സ്തുതി. യേശുവേ ആരാധന. നിലവിളി കേട്ട നല്ല ദൈവമേ നിനക്ക് നന്ദിയേകുന്നു.

## ദൈവത്തിൽ വിശ്വസിച്ചപ്പോൾ

**ത്രേസ്യ ജോണി**, പാണേങ്ങാടൻ ഹൗസ്, പാർളിക്കാട് പി. ഒ., വടക്കാഞ്ചേരി




യോഹ 14:1 ഇപ്രകാരമാണ്: ''നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ. എന്നിലും വിശ്വസിക്കുവിൻ''. ദൈവത്തിൽ വിശ്വസിച്ചപ്പോൾ ഞങ്ങളുടെ ജീവിതത്തിൽ ദൈവമഹത്വം പ്രകടമായി. എന്റെ ചേച്ചിയുടെ മകനു വേണ്ടിയാണ് ഞാൻ അൾത്താരയിലെ സാക്ഷിയായി മാറിയത്. 2022 ജൂൺ 19ന് വടക്കാഞ്ചേരിയിൽ വെച്ച് വണ്ടിയുടെ ടയർ പൊട്ടി തല റോഡിൽ വന്നിടിച്ച് ബോധം നഷ്ടപ്പെട്ടു. 5 ദിവസം വെന്റിലേറ്ററിൽ കിടന്നു. സ്കാൻ ചെയ്തപ്പോൾ തലയോട് പൊട്ടിയിട്ടുണ്ടെന്നും ഓപ്പറേഷൻ വേണമെന്നും ഡോക്ടർ അറിയിച്ചു. ഒരു ലക്ഷം രൂപ വേണം എന്ന് പറഞ്ഞു. ഞാൻ ജറുസലെമിലേയ്ക്ക് 3 പ്രാവശ്യം പ്രാർത്ഥനാസഹായം യാചിച്ചു. ''ദിവ്യവൈദ്യനും ഔഷധവുമായ യേശുവേ എന്നിൽ വന്ന് നിറയണമേ'' എന്ന പ്രാർത്ഥന തന്നു. ഈ പ്രാർത്ഥനയുടെ ഫലമായി അവന് വീണ്ടും ആരോഗ്യം കിട്ടി. ജോലിക്ക് പോയി തുടങ്ങി. കൂടാതെ നല്ല മദ്യപാനിയായിരുന്ന അവന്റെ മദ്യപാനവും മാറി. ദൈവമേ നന്ദി.

## ദൈവമാണ് നമ്മുടെ ബലം



**അരുൺ തോമസ്,** മേനാച്ചേരി ഹൗസ്, വെള്ളാനിക്കര, മണ്ണൂത്തി

എന്റെ അമ്മക്ക് (അൽഫോൻസ) 2 മാസങ്ങൾക്ക് മുൻപ് തലച്ചോറിൽ ഇൻഫെക്ഷൻ വരുന്ന മെനിജൈറ്റീസ് എന്ന അസുഖം വന്നിരുന്നു. പല ഡോക്ടർമാരെ കാണിച്ചിരുന്നെങ്കിലും അസുഖം കണ്ടുപിടിക്കാൻ സാധിച്ചിരുന്നില്ല. എല്ലാ ഡോക്ടേഴ്സും രക്തസമ്മർദ്ദത്തിന്റെ തലവേദന എന്നാണ് പറഞ്ഞിരുന്നത്. സമയം വൈകുംതോറും രോഗം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയിരുന്നു. പെട്ടെന്ന് ഒരു ദിവസം സോഡിയം പെട്ടെന്നു കുറഞ്ഞുപോകുകയും, പ്രഷർ വളരെയധികം കൂടുകയും ചെയ്തു. അമ്മ അബോധാവസ്ഥയിൽ ആകുകയും അസുഖം വളരെ ക്രിട്ടിക്കൽ ആകുകയും ചെയ്തു. ഉടൻതന്നെ ആശുപത്രിയിൽ എത്തിച്ചു. ഡോക്ടേഴ്സ് ആ സാഹചര്യത്തിൽ രോഗം വളരെ ക്രിട്ടിക്കൽ ആണ് എന്ന് മാത്രമേ പറഞ്ഞിരുന്നുള്ളു. ഉടൻതന്നെ ഞാൻ അമ്മയുടെ അസുഖം മാറുകയാണെങ്കിൽ ജറുസലെം ധ്യാനകേന്ദ്രത്തിൽ വന്ന് സാക്ഷ്യം പറഞ്ഞുകൊള്ളാമെന്ന് നേർന്ന് പ്രാർത്ഥിച്ചിരുന്നു. ഞങ്ങൾ കൊണ്ടുപോയ ഹോസ്പിറ്റലിലെ ഡോക്ടേഴ്സ് ഈ സാഹചര്യത്തിലും അസുഖം നിർണ്ണയിക്കപ്പെടും മുമ്പ്തന്നെ ചികിത്സ ആരംഭിച്ചു. (രോഗനിർണ്ണയത്തിന് ഒരു ദിവസം വേണമായി



# ONLINE / OFFLINE ശുശ്രൂഷകൾ



**കാണാം.... പങ്കുവെയ്ക്കാം..... അനുഗ്രഹം പ്രാപിക്കാം...**

## ദൈവകൃപയും കൃപയുടെ ഭവനവും

**പട്ടത്തച്ചൻ CMI**

കോവിഡ് കാലത്ത് എല്ലാ ദിവസവും ഉച്ചതിരിഞ്ഞ് 3 മണിക്ക് ഓൺലൈൻ സംപ്രേഷണമായി 5 മിനിറ്റാണ് ദൈവകൃപ ഞാൻ നടത്തിയിരുന്നത്. ഈശോ വി. ഫൗസ്റ്റീനയ്ക്ക് കൊടുത്ത നിർദ്ദേശമനുസരിച്ചാണ് 3 മണി സമയം തിരഞ്ഞെടുത്തത്. 365 ദിവസമാണ് ഈ ഓൺലൈൻ ശുശ്രൂഷ നടത്തിയത്. അനേകം വിശ്വാസികൾ പങ്കെടുത്ത് ദൈവകൃപ അനുഭവിച്ച ശുശ്രൂഷയായിരുന്നു ഇത്. തുടർന്ന് നടത്തിയ ശുശ്രൂഷയാണ് കൃപയുടെ ഭവനം. എല്ലാ ദിവസവും 3 മണി മുതൽ 4 മണി വരെ യു ട്യൂബിലൂം ഓഫ്‌ലൈനായും കൃപയുടെ ഭവനം നടത്തി. കരുണയുടെ ജപമാല, വി. മിഖായേലിന്റെ പ്രാർത്ഥന, വി. ജർത്രൂദിനോടുള്ള പ്രാർത്ഥന, തിരുരക്ത സംരക്ഷണ പ്രാർത്ഥന, ദൈവവചന വായന, വിടുതൽ പ്രാർത്ഥന എന്നിവ അനേകായിരം വ്യക്തികൾക്കും, കുടുംബങ്ങൾക്കും, സമൂഹങ്ങൾക്കും ദൈവത്തിന്റെ കൃപകൾ സ്വീകരിക്കാൻ കാരണമായി. ഇപ്പോൾ റീ - ടെലികാസ്റ്റിങ്ങിലൂടെ ലഭ്യമായ ലിങ്കിൽ ദൈവജനത്തിന് കാണാവുന്നതാണ്.

https://www.youtube.com/jerusalemretreatcentrelive/live

## സഹനപ്പൂക്കൾ



**പട്ടത്തച്ചൻ CMI**

സഹനം ഒരു വിധിയില്ല നിധിയാണെന്ന് തിരിച്ചറിഞ്ഞ 72 ജീവിതങ്ങളിലേയ്ക്ക് ഇടയന്റെ സ്നേഹവുമായി യാത്രയായ പ്രാർത്ഥനാനിർഭരമായ ദിനങ്ങൾ. സഹനം ദൈവത്തോടൊപ്പമുള്ള സഹവാസമാണ്. സഹനങ്ങൾ ദൈവം കൈവിട്ടതിന്റെ ലക്ഷണമല്ല ദൈവം ചേർത്ത് പിടിച്ചതാണെന്ന് തിരിച്ചറിഞ്ഞപ്പോൾ അവരെ ചേർത്ത് പിടിച്ച അനർഘ നിമിഷങ്ങൾ മറക്കാനാവുന്നതല്ല. ''അവിടുന്ന് നിന്റെ അലച്ചിലുകൾ എണ്ണിയിട്ടുണ്ട്. കണ്ണീർക്കണങ്ങൾ കുപ്പിയിൽ ശേഖരിച്ചിട്ടുണ്ട്''. ഈ കണ്ണീർക്കണങ്ങൾ ഒപ്പിയെടുക്കുന്നതായിരുന്നു അവർക്ക് വേണ്ടി ഒരുക്കിയ 3 നാൾ കൂട്ടായ്മ. ഇന്ന് അവർ ആഴ്ചയിൽ ഒരു ദിവസം (വ്യാഴാഴ്ചകളിൽ) ഒത്തുചേരുന്നു. 15-നും 20-നും ഇടയ്ക്ക് ഭിന്നശേഷിക്കാരായ മക്കൾ ഒരുമിച്ച് കൂടി സഹനാരാധന നടത്തുന്നു. വി. കുർബ്ബാന, മുഴുവൻ കൊന്ത, കരുണകൊന്ത, ആരാധന എന്നിവ നടത്തുന്നു. ഇവരുടെ ഒരേയൊരു ലക്ഷ്യം ആത്മാക്കളെ നേടണം, അനേകം മക്കൾക്കുവേണ്ടി പ്രാർത്ഥിക്കണം എന്നതാണ്. ഇവരുടെ പ്രാർത്ഥനകൾ ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

https://www.youtube.com/jerusalemretreatcentrelive/live

**ജറുസലെം ശുശ്രൂഷകളെ സഹായിക്കാൻ ആഗ്രഹിക്കുന്നവർ**

**Jerusalem Retreat Centre, A/c. No. 0309 0381 9770 195 001**

CSB Bank LTD, Thalore Branch

**IFSC : CSBK 0000309, Swift code CSYBIN 55**

**അക്കൗണ്ടിലൂടെ പണം അയച്ചവർ ഈ നമ്പറിലേക്ക് അഡ്രസ്സ് വാട്ട്സ് അപ് ചെയ്യണേ - 8304069046**

## ദിവ്യകാരുണ്യ സൗഖ്യ ആരാധനയും അനുഗ്രഹ ജപമാലയും



**ഫാ. ദേവസ്യ കാനാട്ട് CMI**

ഫാദർ ദേവസ്യ കാനാട്ടിന്റെ നേതൃത്വത്തിൽ വൈകുന്നേരം 6.30 മുതൽ 8 മണി വരെ നടത്തുന്ന ലൈവ് ശുശ്രൂഷയാണിത്. ഓൺലൈനായും ഓഫ്‌ലൈനായും ശുശ്രൂഷ ഉണ്ട്. അനേകായിരങ്ങൾ പങ്കെടുക്കുകയും അനുഗ്രഹങ്ങൾ നേടുകയും ചെയ്യുന്നു. പ്രാർത്ഥനാ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്ന ശുശ്രൂഷയാണിത്.

https://www.youtube.com/jerusalemretreatcentrelive/live

## ഈശോയുടെ കൂടെ
## TO BE WITH JESUS [FOR YOUTH]



**ഫാ. സിജോ തയ്യാലക്കൽ CMI**

ജറുസലെം വചനകൂടാരത്തിൽ ശനിയാഴ്ചകളിൽ രാത്രി 6.30 മുതൽ 9.30 വരെ വിദ്യാർത്ഥികൾക്കും യുവതീയുവാക്കൾക്കും ആയി നടത്തപ്പെടുന്ന പ്രത്യേക പ്രാർത്ഥനയാണിത്. ഓൺലൈനായും ഓഫ്‌ലൈനായും ഈ പ്രാർത്ഥന ഉണ്ട്. കുമ്പസാരത്തിന് അവസരം ഉണ്ടായിരിക്കും. മാതാപിതാക്കൾക്ക് മക്കളെയും കൂട്ടി കൊണ്ടുവന്ന് ഈ ശുശ്രൂഷയിൽ പങ്കെടുക്കാവുന്നതാണ്. online link ലഭ്യമാണ്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ഹൃദയങ്ങൾ ഈശോയുടെ സ്നേഹത്തിൽ പൊതിഞ്ഞ് സുവിശേഷത്തിന് സാക്ഷിയാകാം. ജപമാല, കുമ്പസാരം, സ്തുതിയും, ദൈവാരാധനയും വചനസന്ദേശവും വിടുതൽ ശുശ്രൂഷയും ഉണ്ടായിരിക്കും.

TO BE WITH JESUS OFFICIAL

രുന്നു). മരുന്നുകളോട് അതിവേഗം പ്രതികരിച്ച അമ്മയുടെ അസുഖം കുറഞ്ഞുവരികയും സൗഖ്യം ലഭിക്കുകയും ചെയ്തു. നന്ദി ഈശോയേ നന്ദി.

## പ്രാർത്ഥന കേട്ട ദൈവം



**സൈമൺ എം. എ.,** മുല്ലക്കര ഹൗസ്, വെണ്ടോർ, ആമ്പല്ലൂർ

ജോബ് 5:18 ഇപ്രകാരമാണ്: ''ഞാൻ നിന്റെ കണ്ണുനീർ കാണുകയും പ്രാർത്ഥന കേൾക്കുകയും ചെയ്തിരിക്കുന്നു. ഞാൻ നിന്നെ സുഖപ്പെടുത്തും''. ഞാൻ സൗദിയിലെ അൽ - ജൗഫിൽ ജോലി ചെയ്യുന്നു. 2021 ഫെബ്രുവരിയിൽ ജോലി സംബന്ധമായി മക്കയിലേക്ക് പോവുകയും, രണ്ടു മാസങ്ങൾക്കു ശേഷം മക്കയിൽവച്ച് ഡെങ്കിപ്പനി ബാധിച്ച് പ്ലെയ്റ്റ്ലെറ്റ് കൗണ്ട് അപകടകരമാംവിധം താഴുകയും ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തു. പ്ലാസ്മ കുത്തിവയ്ക്കാനും 3 മാസത്തോളം ആശുപത്രിയിൽ കിടക്കാനും ഡോക്ടർ നിർദ്ദേശിച്ചു. ഈയവസരത്തിൽ എന്റെ ഭാര്യ നാട്ടിൽ കണ്ണീരോടെ ഉപവസിച്ച് ഈശോയോട് പ്രാർത്ഥിക്കുകയും ജെറുസലെമിലേയ്ക്ക് പ്രാർത്ഥനാസഹായം ആവശ്യപ്പെടുകയും ചെയ്തിരുന്നു. ബഹു. പട്ടത്തച്ചനും, ബഹു. ജോ അച്ചനും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും പട്ടത്തച്ചൻ പറഞ്ഞുതന്ന ''ദിവ്യവൈദ്യനും ഔഷധവുമായ ഈശോയെ എന്നിൽ വന്നു നിറയണമെ'' എന്ന പ്രാർത്ഥന ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തതിനെ തുടർന്ന് പ്ലെയ്റ്റ് ലെറ്റ് കൗണ്ട് ഉടനെ ഉയരുകയും പൂർണ്ണ സൗഖ്യം പ്രാപിക്കുകയും ചെയ്തു.

## അവിടുന്ന് എന്റെ പ്രാർത്ഥന കേട്ടു



**ജിൻസി സാം,** പുല്ലോക്കാരൻ ഹൗസ്, വിയ്യൂർ പി. ഒ.

ലഭിക്കാൻ ഒരു സാധ്യതയുമില്ലാതിരുന്ന ഗവൺമെന്റ് ജോലി എന്റെ അമ്മ ഇവിടെ വന്ന് 33 ദിവസം നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് ലഭിച്ചു. എന്റെ മകന് കാൻസർ വരുമോ എന്നുണ്ടായ ഒരു അകാരണമായ ഭയം മാറിക്കിട്ടി. ജറുസലെം വചനകൂടാരത്തിൽ വന്ന് വൈദികരെ കണ്ട് പ്രാർത്ഥിച്ചപ്പോൾ ലഭിച്ച നിർദ്ദേശമനുസരിച്ച് 23-ാം സങ്കീർത്തനം ഞാൻ സ്ഥിരമായി ചൊല്ലിയിരുന്നു. ''ഈശോയുടെ തിരുഹൃദയത്തിൽ നിന്നൊഴുകുന്ന തിരുരക്തം കൊണ്ട് എന്നെ കഴുകി വിശുദ്ധീകരിക്കണമേ'' എന്ന് പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി എന്റെ ഭയം മാറി കിട്ടുകയും ചെയ്തു. യോഹ 14:1 ഇപ്രകാരം നമ്മെ ഓർമ്മപ്പെടുത്തുന്നു: ''നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ നിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ''. ദൈവത്തിൽ വിശ്വസിച്ചപ്പോൾ സൗഖ്യം ലഭിച്ചു. ജോലി ലഭിച്ചു.

## നിയോഗങ്ങൾ സഫലീകൃതമായി



**ഷീബ ജോർജ്ജ്,** മലേക്കണ്ടത്തിൽ ഹൗസ്, വാണിയമ്പാറ പി. ഒ., പാലക്കാട്

എന്റെ മകന് ആർമിയിൽ ജോലി കിട്ടുന്നതിനായി നിയോഗം വെച്ച് 9 ആദ്യവെള്ളിയാഴ്ച ജറുസലെമിൽ വന്ന് പ്രാർത്ഥിച്ചപ്പോൾ മകന് ആർമിയിൽ ജോലി കിട്ടി. ഞങ്ങളുടെ വീട് ഷീറ്റ് മേഞ്ഞ ഒരു ചെറിയ വീടായിരുന്നു. ഒരു വീട് കിട്ടുവാൻ വേണ്ടിയും ഞങ്ങൾ നിയോഗം വെച്ച് പ്രാർത്ഥിച്ചിരുന്നു. പ്രാർത്ഥനയുടെ ഫലമായി ചെറിയ ഒരു ടെറസ്സ് വീട് പണിയുവാൻ സാധിച്ചു. ''കർത്താവായ യേശുവിൽ വിശ്വസിച്ച് പ്രാർത്ഥിച്ചാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും'' എന്ന ദൈവവചനം ഞങ്ങളിൽ അന്വർത്ഥമായി. യേശുവേ സ്തോത്രം. യേശുവേ നന്ദി.

## മാതാവ് നൽകിയ പിറന്നാൾ സമ്മാനം



**ലൂസി,** കുന്നത്ത് എനോക്കാരൻ, മുല്ലക്കര തോപ്പ്

എനിക്ക് ആറര ലക്ഷത്തിന്റെ കടബാധ്യത ഉണ്ടായിരുന്നു. ജറുസലെം വചനകൂടാരത്തിൽ വന്ന് മാതാവിന്റെ പിറന്നാൾ ദിനത്തിൽ കോടിയർച്ചന നടത്തി കിരീടം വെച്ച് പ്രാർത്ഥിച്ചു. അടുത്ത ദിവസം തന്നെ ഒരു ബന്ധു കടബാധ്യത തീർക്കാനുള്ള പണം നൽകി ഞങ്ങളെ സഹായിച്ചു. ജറുസലെം നാഥനും നാഥയ്ക്കും ഒരായിരം നന്ദിയേകുന്നു.

## നന്ദി ദൈവമേ നന്ദി



ക്രിസ്റ്റി തോമസ്, പാലത്രവനാട് ഹൗസ്, കോരഞ്ചിറ പി. ഒ., പാലക്കാട്

നന്ദി നിറഞ്ഞ ഹൃദയത്തോടെയാണ് ഞാൻ ദൈവതിരുമുമ്പിൽ നിൽക്കുന്നത്. ജറുസലെം ധ്യാനകേന്ദ്രത്തിൽ ഈശോയുടെ സാക്ഷിയായി എന്നെ മാറ്റണമേ എന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി കഴിഞ്ഞ ഡിസംബറിൽ നടന്ന ഒ. ഇ. ടി. പരീക്ഷ പാസ്സാകാൻ സാധിച്ചു. പരീക്ഷയ്ക്ക് കുറച്ചു ദിവസം മുൻപ് ഞാൻ ജറുസലെം ധ്യാനകേന്ദ്രത്തിൽ വരികയും പട്ടത്തച്ചനെ കാണുകയും പ്രാർത്ഥനാസഹായം ചോദിക്കുകയും ചെയ്തു. അച്ചൻ എനിക്ക് വെഞ്ചിരിച്ച മധുരം തരികയും എനിക്ക് ബ്ലെസിങ്ങ് നൽകുകയും ചെയ്തതിന്റെ ഫലമായി ഈശോ എനിക്ക് വിജയം നൽകി. എന്റെ പപ്പ എല്ലാ വെള്ളിയാഴ്ചകളിലും നടത്തുന്ന ശുശ്രൂഷയിൽ മുടങ്ങാതെ പങ്കെടുക്കുകയും ചെയ്തിരുന്നു. വിസയും ടിക്കറ്റും ഒരു തടസ്സവും കൂടാതെ എനിക്ക് ലഭിക്കുകയും ചെയ്തു.

## വിശ്വസിച്ച് പ്രാർത്ഥിച്ചപ്പോൾ



**ലാലി,** കുരിശിങ്കൽ, മണലിക്കാട് പി. ഒ.

അപ്പ. പ്ര. 16:31 ഇപ്രകാരമാണ്: ''കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും''. ഞങ്ങൾ വിശ്വസിച്ചു പ്രാർത്ഥിച്ചു നിയോഗങ്ങൾ സഫലീകൃതമായി. 4 വർഷമായിട്ടും സ്ഥലം വില്ക്കാൻ സാധിക്കാതെ വന്നപ്പോൾ 9 ആഴ്ച നീണ്ടുനിന്ന വിടുതൽ ശുശ്രൂഷയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. രണ്ടാമത്തെ വെള്ളിയാഴ്ച വിയാ മരിയ മാതാവിന്റെ വഴിയിൽനിന്ന് അച്ചൻ വെഞ്ചരിച്ചു തന്ന മണ്ണുമായി ഞാൻ ഭവനത്തിലേക്കു പോയി. തുടർന്ന് ആ മണ്ണ് എന്റെ പറമ്പിൽ വിതറി പ്രാർത്ഥിച്ചതിന്റെ ഫലമായി 2 ആഴ്ചയ്ക്കു ശേഷം എന്റെ സ്ഥലം വിറ്റുപോയി. എന്റെ സഹോദരന്റെ ജെ. സി. ബി. പോലീസ് കസ്റ്റഡിയിലായിരുന്നു. കുറേ ശ്രമിച്ചിട്ടും തിരികെ കിട്ടിയില്ല. ജറുസലെം ധ്യാനകേന്ദ്രത്തിൽ വെള്ളിയാഴ്ച നടക്കുന്ന ശുശ്രൂഷയിൽ 3 ആഴ്ച ഞാൻ പങ്കെടുത്തു. എന്റെ സഹോദരന്റെ ജെ. സി. ബി. തിരിച്ചെടുക്കാൻ സാധിച്ചു.

## അഭയകേന്ദ്രമായ കർത്താവ്



സിന്ധു ഷാജു, പടമാടൻ ഹൗസ്

''ദൈവം നമ്മുടെ അഭയകേന്ദ്രവും ശാശ്വത ശിലയുമാണ്. അവിടുന്നൊരിക്കലും നമ്മെ കൈവെടിയില്ല''. എന്റെ മകൻ ഡിഗ്രി കഴിഞ്ഞ് രണ്ട് കൊല്ലമായി യു. കെ. യിലേക്ക് പോകുവാൻ ശ്രമിച്ചിട്ട് സാധിച്ചില്ല. പിന്നെ എന്റെ ഭർത്താവ് 7 ആഴ്ച നിയോഗം വെച്ച് പ്രാർത്ഥിച്ചു. ഞാനും സാധിക്കാവുന്ന വെള്ളിയാഴ്ചകളിൽ ശുശ്രൂഷകളിൽ സംബന്ധിക്കാറുണ്ട്. മകനെ അൾത്താരയിലെ സാക്ഷിയാക്കി മാറ്റണമേ എന്ന നിയോഗത്തോടെയാണ് ഞങ്ങൾ പ്രാർത്ഥിച്ചത്. ജറുസലെംനാഥന്റെ സഹായം കൊണ്ട് കഴിഞ്ഞ മാസം 29-ാം തീയതി അവൻ യു. കെ. .യിലേക്ക് പോയി. യേശുവേ നന്ദി. യേശുവേ സ്തോത്രം. ഹല്ലേലുയ്യ, ഹല്ലേലുയ്യ, ഹല്ലേലുയ്യ.

**അവൻ എൻെറ നാമം അറിയുന്നതുകൊണ്ട് ഞാൻ അവനെ സംരക്ഷിക്കും. (സങ്കീ.91:14)**

# പ്രത്യാശയുടെ നവമുകുളങ്ങൾ



സിനി ജോൺസൻ



ലോകം മുഴുവൻ ഉത്കണ്ഠയുടെയും ആകുലതയുടെയും മുൾമുനയിൽ നിറുത്തിയ കോവിഡ് കാലം നമുക്കൊരിക്കലും വിസ്മരിക്കാൻ കഴിയില്ല. മരണവാർത്തകൾ ചുറ്റിലും നിറഞ്ഞപ്പോഴും പ്രിയപ്പെട്ടവരുടെ ദാരുണ മരണങ്ങളിൽ വേദനിച്ചപ്പോഴും, സാമ്പത്തിക ബുദ്ധിമുട്ടുകളിലും നമ്മോടൊപ്പം ദൈവമുണ്ടെന്ന വലിയ ബലമാണ് നമ്മെ മുന്നോട്ട് നയിച്ചത്. പ്രാർത്ഥിക്കാനും, ബൈബിൾ വായനയ്ക്കും കൂടുതൽ സമയം ലഭിച്ചു. പ്രാർത്ഥനാനുഭവത്തിൽ ശക്തി പ്രാപിച്ചു. ദൈവത്തിൽനിന്ന് അകന്നുപോയവരും ധാരാളമുണ്ടായി. 2020 മാർച്ചിൽ കോവിഡുമായി ബന്ധപ്പെട്ട് നാം നിറുത്തിയ ദൈവരാജ്യം ഈ മാസം മുതൽ നാം വീണ്ടും ആരംഭിക്കുകയാണ്. കോവിഡ് കാലത്താണ് പ്രാർത്ഥനയിൽ ശക്തിയാർജ്ജിക്കാനും 9 മാസങ്ങൾ നീണ്ട പ്രയത്നത്തിന്റെ ഫലമായി കൃപയുടെ നാൾവഴികൾ എന്ന ജറുസലെമിന്റെ ചരിത്രം പൂർത്തീകരിക്കാനും സാധിച്ചത്. ദൈവജനത്തിന് കൃപയുടെ അനുഗ്രഹം സ്വായത്തമാക്കാനായി വൈദികരുടെ പ്രാർത്ഥനാ ശുശ്രൂഷകളും, മരണഭയത്തിൽനിന്നും, ഉത്കണ്ഠയിൽനിന്നും കുറച്ചൊന്നുമല്ല നമ്മെ രക്ഷിച്ചത്. കോവിഡ് കാലത്തിലാണ് പട്ടത്തച്ചൻ ദൈവകൃപ ശുശ്രൂഷ തുടങ്ങിയത്. 365 ദിവസം ആ ശുശ്രൂഷ നീണ്ടുനിന്നു. അത് പിന്നെ കൃപയുടെ ഭവനമായി നമ്മുടെ മുന്നിലെത്തി. തുടർന്ന് സഹനപ്പൂക്കൾ. സിജോ അച്ചന്റെ ഈശോയുടെ കൂടെ ശുശ്രൂഷയും, കാനാട്ടച്ചന്റെ ദിവ്യകാരുണ്യ ആരാധനയും ജോ അച്ചന്റെ പ്രാർത്ഥനാനിർഭരമായ ഓൺ ലൈൻ സുവിശേഷ പ്രഘോഷണവും (ഫമീലിയ, ബസ്റോമ) നമ്മിൽ നിറച്ചത് പ്രത്യാശയുടെ നവമുകുളങ്ങൾ തന്നെയായിരുന്നു. എല്ലാ വെള്ളിയാഴ്ചയും ജറുസലെം ശുശ്രൂഷകൾ നടന്നു; ഓൺലൈൻ ശുശ്രൂഷകൾ കൂടുതലായി. മൂന്ന് അനുദിന ദിവ്യബലികൾ, ഓൺലൈനായി സന്യസ്തർക്കും, ആതുരശുശ്രൂഷകർക്കും മറ്റുള്ളവർക്കുമായി ധാരാളം ധ്യാനശുശ്രൂഷകൾ, പരീക്ഷാ വിജയ കൺവെൻഷൻ, ജറുസലെം കൺവെൻഷൻ, ഗുഡ്നെസ്സ്, ശാലേം ടി. വി., ഷെക്കെയ്ന ടി. വി. യിലൂടെ വൈവിധ്യമാർന്ന വചനശുശ്രൂഷകൾ, സിജോ അച്ചന്റെ മൃത്യു കവാടം ശുശ്രൂഷയും, കാനാട്ടച്ചന്റെ ആത്മാവും ജീവനും ശുശ്രൂഷയും ജോ അച്ചന്റെ ഫമീലിയ ശുശ്രൂഷകളും, ഒരുക്കധ്യാനങ്ങളും കോവിഡ് കാലത്തെ വിലപ്പെട്ട ശുശ്രൂഷകൾ ആയിരുന്നു. വീണ്ടും നമുക്കുണരാം. ഈശോയ്ക്കുവേണ്ടി ആത്മാക്കളെ നേടാം. കോവിഡ് കാലത്ത് ലോകം മുഴുവൻ ഭയപ്പെട്ട് നിന്നിരുന്ന നാളുകളിൽ സദാ ഉണർന്ന് പ്രവർത്തിച്ചിരുന്ന, ഫോണിൽ കൂടിയും, വീഡിയോ കോളിൽ കൂടിയും സകല മക്കൾക്കും അഭയകേന്ദ്രവും ആശ്വാസവുമായിരുന്ന വൈദികരെ ഓർത്ത് ദൈവസന്നിധിയിൽ നമുക്ക് നന്ദി പറയാം. മഹാമാരിയുടെ ബുദ്ധിമുട്ടുകൾ വചനകൂടാരത്തിലെ വൈദീകരേയും, മറ്റംഗങ്ങളേയും പിടികൂടിയപ്പോഴും, മരണത്തിന്റെ വക്കോളമെത്തിയ ജീവിതങ്ങളെ ദൈവം ജീവിതത്തിലേയ്ക്ക് തിരികെയെത്തിച്ചത് അനേകർക്കായി ഇനിയും ധാരാളം പൂർത്തിയാക്കാനുണ്ടെന്ന തികഞ്ഞ ഉൾബോധ്യത്തിൽനിന്നാണ്. ഈ സമയം വചനകൂടാരത്തിൽ ഈശോയ്ക്ക് വേണ്ടി ശുശ്രൂഷ ചെയ്യാൻ സാധിച്ച ദിനങ്ങളെ ഓർത്ത് ഞാൻ നന്ദി പറയുന്നു. അനേകർക്ക് ഇനിയും കൃപയുടെ നീർച്ചാലുകൾ ഒഴുകുന്ന ഒരു വിശുദ്ധ സ്ഥലമായി വചനകൂടാരം മാറട്ടെ.










## ആശംസകൾ.... ആശംസകൾ....

# ദൈവവചനത്തിൽ ആഴപ്പെടാം



ബ്ര. സുമൽ ആളൂക്കാരൻ സി. എം. ഐ.

"മനുഷ്യപുത്രാ, ഞാൻ തരുന്ന ഈ ചുരുൾ ഭക്ഷിച്ചു വയറു നിറയ്ക്കുക; ഞാൻ അതു ഭക്ഷിച്ചു. എന്റെ വായിൽ അതു തേൻ പോലെ മധുരിച്ചു" (എസെ 3:13). ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ദൈവത്തെ സ്നേഹിക്കുവാനും, അറിയുവാനും ദൈവമഹത്ത്വം പ്രകടമാകാനും വേണ്ടിയാണ്. എന്നിരുന്നാലും ബലഹീനരായ മനുഷ്യർ തങ്ങളുടെ ബലഹീനതകൾ വഴി പലപ്പോഴും ദൈവത്തിൽ നിന്നും അകലുകയും ദൈവത്തെ മറന്ന് ജീവിക്കുകയും ചെയ്യുന്നു. ദൈവത്തെ അറിയണമെങ്കിൽ അവിടുത്തെ കല്പനകൾ പാലിക്കുകയും, ദൈവവചനത്തിൽ ആഴപ്പെടുകയും, ജീവിതം വചനത്താൽ നവീകരിക്കപ്പെടുകയും വേണം. ജറുസലെം ധ്യാനകേന്ദ്രത്തിന്റെ കൺവെൻഷൻ ദിനങ്ങളിൽ നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും വന്ന കുറവുകളെയും അസ്വസ്ഥതകളെയും പരിഹരിക്കുന്നതിനും വചനത്തിന്റെ ശക്തിയാലും കൃപയാലും നിറഞ്ഞ് ഓരോ വ്യക്തിയും വിശുദ്ധീകരിക്കപ്പെടുന്നതിനും സാധ്യമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒപ്പം "അവിടുത്തെ പരിശുദ്ധ ദാസനായ യേശുവിന്റെ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നതിനായി അവിടുത്തെ കൈകൾ നീട്ടണമേ. അവിടുത്തെ വചനം പൂർണധൈര്യത്തോടെ പ്രസംഗിക്കാൻ ഈ ദാസരെ അനുഗ്രഹിക്കണമേ" (അപ്പ പ്രവ. 4: 30) എന്ന വചനത്തിന്റെ അഭിഷേകം ഈ കൺവെൻഷൻ ദിനങ്ങളിൽ സംഭവിക്കട്ടെയെന്നും, ഈ വചനകൂടാരത്തിലേക്ക് കടന്നുവരുന്നവർക്ക് വലിയ സൗഖ്യവും, ആശ്വാസവും, ആനന്ദവും നിറയപ്പെടട്ടെയെന്നും അങ്ങനെ ഓരോ വ്യക്തിയും കുടുംബവും വലിയ ദൈവാനുഭവത്തിലേക്കും ആത്മീയനിർവൃതിയിലേക്കും നയിക്കപ്പെടട്ടെയെന്നും ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.




## ജറുസലെം ശുശ്രൂഷകൾ ഡിസംബർ 2022

| | | |
|---|---|---|
| 1 - 4 | 28 - ാമത് ജറുസലെം കൺവെൻഷൻ | |
| 9 - 11 | C. M. C. Teachers Retreat | (9 am) |
| 10 | വിദ്യാർത്ഥിസംഗമം | (09.30 pm - 12.30 pm) |
| 11 - 14 | കല്ലൂർ ഈസ്റ്റ് ഇടവക ധ്യാനം | |
| 15 - 18 | പരിശുദ്ധാത്മാഭിഷേക ധ്യാനം (മലയാളം) | (09.00 am) |
| 18 | കുഞ്ഞുങ്ങളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥന | (09.30 am - 01.00 pm) |
| 19 - 22 | ആത്മാഭിഷേക ധ്യാനം (തമിഴ്) | (03.00 pm) |
| 27 - 29 | കൊല്ലം/ തങ്കശ്ശേരി കത്തീഡ്രൽ കൺവെൻഷൻ | |
| 28 - 29 | ഉപവാസ വിടുതൽ ധ്യാനം | (9 am) |
| | തൊഴിലാളികളുടെ പ്രാർത്ഥന (വ്യാഴാഴ്ചകളിൽ) | (06.30 pm - 08.00 pm) |
| | ജപമാല പ്രദക്ഷിണം (ഞായറാഴ്ചകളിൽ) | (05.15 pm- 06.15 pm) |
| | To be with Jesus യുവജനങ്ങളുടെ പ്രാർത്ഥന (ശനിയാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| | ദിവ്യകാരുണ്യ സൗഖ്യാരാധന (എല്ലാ ദിവസവും) | (06.30 pm - 08.30 pm) |

Jerusalem Retreat Centre You Tube Channelൽ
https://www.youtube.com/c/JerusalemRetreatCentre

**എല്ലാ വെള്ളിയാഴ്ചയും**
**പൊതു പ്രാർത്ഥനാ ദിനമായിരിക്കും**
(8.30 a.m. - 3.30 p.m.)



**Prayer LINE**

**എല്ലാ ദിവസവും രാത്രി 9.30 ന്**
ബഹു. ഡേവിസ് പട്ടത്തച്ചൻ നേതൃത്വം നൽകുന്നു

Call in : 8929 700 137
Access code : 3321285#

## ആദരാഞ്ജലികൾ!



**ഫാ. പയസ് ഊക്കൻ CMI**
ജറുസലെം ധ്യാനകേന്ദ്രത്തിന്റെ നാൾവഴികളിൽ
സഹയാത്രികനായ പയസച്ചന് ജറുസലെം മക്കളുടെ
**യാത്രാമൊഴികൾ**